## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**എമർജിംഗ് കേരളയിൽ അവതരിപ്പിക്കുന്ന പ്രോജക്ടുകൾ**

6734 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെപ്റ്റംബറിൽ നടക്കുന്ന എമർജിംഗ് കേരളയിൽ എത്ര പ്രോജക്ടുകളാണ് അവതരിപ്പിക്കാൻ തയ്യാറായിട്ടുളളത് വിശദമാക്കുമോ;

(ബി) ഇങ്ങനെ അവതരിപ്പിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം മേഖലയിലുളളവയാണ് വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഏറ്റെടുത്തിട്ടുളള പ്രോജക്ടുകളും ഇതിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ, വിശദമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>പുതിയ വ്യവസായ പാർക്കുകൾ</u>**

**6735 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായപാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പന്ത്രണ്ടാം പദ്ധതി സമീപനരേഖയിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ വ്യവസായങ്ങൾക്കുവേണ്ടി ഏറ്റെടുത്തിട്ടുള്ള ഭൂമി സ്വകാര്യ സംരഭകർക്ക് നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതു-സ്വകാര്യ പങ്കാളിത്ത സ്ഥാപനങ്ങൾക്ക് വ്യാവസായികാവശ്യത്തിനു വേണ്ട ഭൂമിയുടെ കൈമാറ്റം ഏതു രീതിയിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പുതിയ വ്യവസായങ്ങൾ പൊതുമേഖലയിൽ ആരംഭിയ്ക്കുവാൻ നടപടി**

6736 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**പുതിയ വ്യവസായങ്ങൾ പൊതുമേഖലയിൽ ആരംഭിയ്ക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെയര്‍ കേരള**

6737 ശ്രീ. വി.ഡി. സതീശന്‍
,, ലൂഡി ലൂയിസ്
,, കെ. അച്ചുതന്‍
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംയോജിത ഗവേഷണത്തിനും ഉയര്‍ന്ന വികസനത്തിനുമായി കെയര്‍ കേരള ആരെല്ലാമായിട്ടാണ് ധാരണയുണ്ടാക്കിയിട്ടുള്ളത് ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത ധാരണയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം - കാസർഗോഡ് അതിവേഗ ഇടനാഴി**

T 6738 ശ്രീ. എം. എ. ബേബി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർഗോഡ് അതിവേഗ ഇടനാഴി എന്ന പ്രഖ്യാപനത്തിൽ നിന്ന് പിന്നോട്ടുപോയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനായി ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഇടനാഴിക്കായി എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നത് ; അതിൽ സർക്കാർ ഷെയർ എത്രയാണ് ;

(ഡി) ഇതിനായി സർക്കാർ പണം നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

### നോളഡ്ജ് സിറ്റി മുഖേന തൊഴിലവസരങ്ങൾ

6739 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നോളഡ്ജ് സിറ്റി മുഖേന എത്രപേർക്ക് ഏതെല്ലാം തരത്തിൽ തൊഴിൽ നൽകാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു തരത്തിലുളള സേവനമാണ് ജനങ്ങൾക്ക് ഇതിലൂടെ നൽകാൻ കഴിയുകയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>സീപ്ലെയിൻ സർവ്വീസ്</u>

6740 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, കെ. മുരളീധരൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലെയിൻ പദ്ധതി നടപ്പാക്കാൻ കെ. എസ്. ഐ. ഡി. സി. എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കാൻ താല്പര്യമുളളവരെ കണ്ടുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത് നടപ്പാക്കാനുളള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>സീപ്ലെയിൻ</u>

6741 ശ്രീ. ജി. സുധാകരൻ
,, സി. കെ. സദാശിവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി യും ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; റിപ്പോർട്ട് തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണ്; പദ്ധതിക്ക് എത്ര സ്ഥലം എവിടെയെല്ലാം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി റിപ്പോർട്ടു പ്രകാരം പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര; സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഏത് റൂട്ടിൽ ഗതാഗതം നടത്താനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്; കെ.എസ്.ഐ.ഡി.സി. ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**സീ പ്ലെയ്ൻ സർവ്വീസ്**

**6742 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സീപ്ലെയ്ൻ സർവ്വീസ് ആലപ്പുഴ-കുമരകം പ്രദേശങ്ങളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;**

(ബി) **പ്രസ്തുത പദ്ധതിക്ക് 2012-13 ൽ കെ.എസ്.ഐ.ഡി.സിക്ക് അനുവദിച്ചിരിക്കുന്ന 12 കോടി രൂപ വിനിയോഗിച്ച് എന്താണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ ?**

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വ്യവസായ വികസന കാര്യത്തിൽ ദേശസാൽകൃത ബാങ്കുകളുടെ വിവേചനം**

**6743** **ശ്രീ. എ. കെ. ബാലൻ**
**,, എളമരം കരീം**
**,, പി. ശ്രീരാമകൃഷ്ണൻ**
**,, കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസന കാര്യത്തിൽ ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വിവേചനം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവേചനം അവസാനിപ്പിക്കാനും വ്യവസായ സംരംഭങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിപ്പിക്കാനും നിക്ഷേപം വർദ്ധിപ്പിക്കാനും നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ ദേശസാൽകൃത ബാങ്കുകളുടെ സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിലയിരുത്തലുകൾ വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം**

6744 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) ചെറുകിട വ്യവസായങ്ങൾക്ക് എമർജിംഗ് കേരള പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം**

6745 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതു മേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ റിയാബ്മുഖേന നടത്തുവാൻ നടപടി**

6746 ശ്രീ. സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ റിയാബിന് നൽകിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതെല്ലാം തലങ്ങളിലുള്ള നിയമനങ്ങളാണ് റിയാബ് നടത്തുന്നത് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പി. എസ്. സി. പിൻതുടർന്നു വരുന്ന നിബന്ധനകൾ പാലിച്ച് റിയാബ് നിയമനങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമനങ്ങളുടെ മോണിറ്ററിംഗ് നടത്തുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>ഐഡിയ ഫയൽ ട്രാക്കിംഗ് സിസ്റ്റം</u>**

6747 **ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐഡിയ ഫയൽ ട്രാക്കിംഗ് സിസ്റ്റം ഡി. പി. ഐ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ് തുടങ്ങിയ ഓഫീസുകളിൽ പ്രാരംഭഘട്ടമായി ഏർപ്പെടുത്തുമോ ;

(ബി) പ്രസ്തുത സംവിധാനം എല്ലാവകുപ്പുകളിലും കാര്യക്ഷമമായി നടപ്പിലാക്കുമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>പ്രകൃതി വാതക വിതരണത്തിനായി പൈപ്പ് ലൈൻ</u>

6748 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗെയിൽ ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി വാതക വിതരണത്തിനായി സംസ്ഥാനത്ത് സ്ഥാപിക്കുന്ന വാതകപൈപ്പ് ലൈനിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ സംശയങ്ങൾ ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് ദൂരീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുളളത്;

(സി) പദ്ധതിയുടെ നേട്ടങ്ങളും ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി വാതകപൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിലെ കളക്ടർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് തലത്തിൽ യോഗങ്ങൾ വിളിച്ച് കൂട്ടുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**ഗെയിൽ - പെട്രോനെറ്റ് പ്രകൃതി വാതകക്കുഴൽ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം**

**6749 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗെയിൽ-പെട്രോനെറ്റ്, കൊച്ചി - ബാംഗ്ലൂരു, മാംഗ്ലൂർ എൽ.എൻ.ജി പൈപ്പ്‌ലൈൻ പദ്ധതിയുടെ സാധ്യതാ പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ പാരിസ്ഥിതിക അനുമതി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്ന് ലഭ്യമായിട്ടുണ്ടോ; ഇതിലേക്ക് നിയമപ്രകാരമുള്ള പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുണ്ടോ;

(സി) കൊച്ചി റിഫൈനറിയിൽ നിന്ന് കോയമ്പത്തൂരിലെ കരൂർ വരെ നിലവിൽ പെട്രോളിയം ലൈനിനു വേണ്ടി പെട്രോനെറ്റ് കമ്പനി ഏറ്റെടുത്ത് ഉപയോഗിച്ച് വരുന്ന സ്ഥലം മുഴുവനായോ ഭാഗികമായോ പ്രസ്തുത ഗ്യാസ് പൈപ്പ് ലൈനിനുവേണ്ടി ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത ഗ്യാസ് പൈപ്പ്‌ലൈൻ ജനവാസമേഖലയിലൂടെയായതിനാൽ ഇതു കാരണം ജനങ്ങൾക്കുണ്ടാകുന്ന വരുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഗെയിൽ - പെട്രോനെറ്റ് പ്രകൃതി വാതക ക്കുഴൽ പദ്ധതിയിൽ കേരള സർക്കാരിന്റെ പങ്കാളിത്തം**

6750

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗെയിൽ - പെട്രോനെറ്റ് കൊച്ചി - ബംഗളൂരു മംഗലാപുരം എൽ. എൻ. ജി. പൈപ്പ് ലൈൻ പദ്ധതിയിൽ കേരള സർക്കാരിന്റെ പങ്കാളിത്തം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് വേണ്ട പൈപ്പ് ലൈനുകൾ കേരളത്തിലെ ഏതെല്ലാം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മേഖലകളിലൂടെയാണ് കടന്നുപോകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുളളസ്ഥലം ഏത് നിയമപ്രകാരമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്ത് ഏകദേശം എത്ര ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഗെയിൽ - പെട്രോനെറ്റ് പ്രകൃതിവാതകക്കുഴലിന്റെ അലൈൻമെന്റ്**

T 6751

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗെയിൽ - പെട്രോനെറ്റ്, കൊച്ചി - ബംഗളൂരു - മംഗലാപുരം എൽ. എൻ. ജി. പൈപ്പ്ലൈനിന് നിലവിൽ നിർദ്ദേശിക്കപ്പെട്ട അലൈൻമെന്റ് കൂടാതെ മറ്റേതെങ്കിലും അലൈൻമെന്റുകൾ സാധ്യതാപഠനം നടത്തിയ ഏജൻസിയോ അല്ലെങ്കിൽ ബന്ധപ്പെട്ട ജനങ്ങളോ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം അലൈൻമെന്റുകളാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധമായി ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് തീരുമാനങ്ങളെടുത്ത പഞ്ചായത്ത് ഭരണസമിതികളോട് പഞ്ചായത്ത് ഡയറക്ടറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തീരുമാനങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**ഹോട്ടൽ വ്യവസായ മേഖലയിലെ പ്രതിസന്ധി**

T6752 **ശ്രീ. പി. ബി. അബ്ദുൾ റസാക്**
,, **എം. ഉമ്മർ**
,, **കെ. എം. ഷാജി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **തൊഴിലാളി ക്ഷാമവും പ്രവർത്തനച്ചെലവിലെ വർദ്ധനവും മൂലം സംസ്ഥാനത്തെ ചെറുകിട ഹോട്ടലുകൾ ഉൾപ്പെടെയുള്ള ഹോട്ടൽ വ്യവസായമേഖല പ്രതിസന്ധി നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **എങ്കിൽ ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതു വിധത്തിലുള്ള ഇടപെടലുകളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;**

(സി) **കേരളീയ കുടുംബങ്ങൾ ഭക്ഷണാവശ്യങ്ങൾക്ക് ഹോട്ടലുകളെയും ഇതര ഭക്ഷണവിതരണ സ്ഥാപനങ്ങളെയും കൂടുതലായി ആശ്രയിക്കുന്ന സ്ഥിതിവിശേഷം നിലനില്ക്കുന്ന സാഹചര്യത്തിൽ ഈ പ്രതിസന്ധി ജനജീവിതത്തെ ബാധിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ചേർത്തലയിൽ റെയിൽവെ ബോഗി നിർമ്മാണ ഫാക്ടറി**

**6753 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ റെയിൽവേ ബോഗി നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് റെയിൽവേയുമായി സംസ്ഥാന സർക്കാർ ധാരണയിലായത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധാരണ പ്രകാരം പദ്ധതിക്കായി മുൻസർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ബോഗി നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ചേർത്തല ബോഗി നിർമ്മാണ ഫാക്ടറി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>അങ്കമാലി വ്യവസായ പാർക്ക്</u>

6754 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്ത് കൊണ്ട് ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C) 33795/2010 കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും പദ്ധതി നടപ്പാക്കുന്നതിലും ഉള്ള നയപരമായ നിലപാടു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വാഴക്കാട് ചെരുപ്പ് ഫാക്ടറി**

6755

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാടിൽ ചെരുപ്പ് ഫാക്ടറി നിർമ്മിക്കുന്നതിന് 50 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിരുന്നോയെന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കേരള ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി**

**6756** **ശ്രീ. ഇ.പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കേരള ദിനേശ് ബീഡി സംഘത്തിലെ തൊഴിലാളികൾ ഏതു പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) എത്ര തൊഴിലാളികൾക്കാണ് പദ്ധതിയുടെ ഗുണം ലഭിക്കുന്നത്;

(സി) എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്; കുടിശ്ശിക തീർക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്ത മാക്കുമോ;

(ഡി) നടപ്പുസാമ്പത്തികവർഷം പ്രസ്തുത പെൻഷൻ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ഇ) കണ്ണൂർ കേരള ദിനേശ് ബീഡി സംഘത്തിലെ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക തീർത്തു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പത്തനംതിട്ടയിലെ കരിങ്കൽ വ്യവസായ സഹകരണ സംഘത്തിന് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നതിന് നടപടി**

T 6757 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പാറമടകളിൽ നിന്നും ഏതെങ്കിലും തരത്തിൽ നിരോധനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; സർക്കാർ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കാമോ;

(ബി) നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എന്നാണ് ഇങ്ങനെ ഉത്തരവിട്ടത്; ഇങ്ങനെ ഒരു ഉത്തരവ് ഇറക്കാനിടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ;

(സി) കരിങ്കൽ വ്യവസായ സഹകരണ സംഘത്തിനും വ്യക്തികൾക്കും എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ; ഇതിന്റെ പകർപ്പ് ഹാജരാക്കാമോ;

(ഡി) സർക്കാർ ഉത്തരവ് ഉണ്ടായിട്ടും പത്തനംതിട്ട ജില്ലയിൽ മാത്രം എക്സ്പ്ലോസീവ് ലൈസൻസിന് ജില്ലാ കളക്ടർ എൻ.ഒ.സി. നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പത്തനംതിട്ട ജില്ലാ കരിങ്കൽ വ്യവസായ സഹകരണ സംഘം എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുന്നതിനുള്ള എൻ.ഒ.സി.ക്കായി എന്നാണ് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയത്; ഈ അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ; അപേക്ഷ നൽകി ഇത്രയും നാൾ കഴിഞ്ഞിട്ടും അനുകൂല ഉത്തരവ് ഉണ്ടായിട്ടും പത്തനംതിട്ട ജില്ലാ കളക്ടർ എൻ.ഒ.സി. നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) പത്തനംതിട്ട ജില്ലയിൽ പാറ പൊട്ടിക്കുന്നതിനായുള്ള റവന്യൂ പെർമിറ്റും ജിയോളജി പെർമിറ്റും നൽകുന്നത് നിരോധിച്ചിട്ടുണ്ടോ; ആരാണ് നിരോധന ഉത്തരവ് നൽകിയിട്ടുള്ളത്; എന്തു കാരണത്താലാണ് ഇങ്ങനെ ഒരു ഉത്തരവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) മാസങ്ങളായി പാറമടകൾ അടഞ്ഞുകിടക്കുന്നതുമൂലം പാറമടക്കാരും, തൊഴിലാളികളും ലോഡിംഗ്-വാഹന തൊഴിലാളികളും, നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന പതിനായിരങ്ങളും പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

(എച്ച്) പാററമടകൾ നിയമാനുസൃതമാക്കാനും, അവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിലെ കരിങ്കൽ ക്വാറികൾ**

T 6758

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ലൈസൻസില്ലാതെ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിനെതിരായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മൂക്കുന്നിമലയിലെ അനധികൃത കരിങ്കൽ ക്വാറിയുടെ പ്രവർത്തനം**

**6759** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തിരുവനന്തപുരത്ത് മൂക്കുന്നിമലയിൽ അനധികൃതമായി കരിങ്കൽ ക്വാറി പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഇത് ആരുടെ പേരിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **പ്രസ്തുത മേഖലയിൽ ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോടതികളുടെ വിലക്ക് എന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?**

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>ജില്ലാ വ്യവസായ കേന്ദ്രം നൽകിയ എസ്.എസ്.ഐ. രജിസ്ട്രേഷൻ</u>**

**6760 ശ്രീ. വി.ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം മുഖേന അനുവദിച്ചു നൽകിയ എസ്.എസ്.ഐ. രജിസ്ട്രേഷനുകൾ എത്രയാണെന്നു വ്യക്തമാക്കുമോ ;

(ബി) അവയിൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്; എത്രയെണ്ണം പ്രവർത്തനരഹിതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**

**12.07.2012 -ലെ മറുപടിക്ക്**

**സി. എഫ്. എസ്. സിയുടെ ചങ്ങനാശ്ശേരിയിലേയും മഞ്ചേരിയിലേയും യൂണിറ്റുകളിൽ ഒഴിവുള്ള തസ്തികകൾ**

**6761 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.എഫ്.എസ്.സി. ചങ്ങനാശ്ശേരിയിലേയും മഞ്ചേരിയിലേയും യൂണിറ്റുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; അത് ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന പ്രസ്തുത തസ്തികകളിൽ ഫോർമാൻ തസ്തികയിലേയ്ക്ക് നിയമനം ആവശ്യപ്പെട്ടുകൊണ്ട് വകുപ്പിൽ നിന്നും എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്;

(സി) ഫോർമാൻ തസ്തികയിലേക്ക് അപേക്ഷ നൽകിയ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമനം നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത തടസ്സം നീക്കി എന്ന് നിയമനം നൽകാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഉത്സവകാലങ്ങളിൽ കൈത്തറി സംഘങ്ങൾക്ക് അനുവദിക്കുന്ന റിബേറ്റ്**

**6762 ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഉത്സവകാലങ്ങളിൽ കൈത്തറി സംഘങ്ങൾക്ക് അനുവദിക്കുന്ന റിബേറ്റിൽ സംഘങ്ങൾക്ക് നൽകാനുള്ള മൊത്തം കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ;**

(ബി) **നെയ്ത്തു തൊഴിലാളികളുടെ ക്ഷേമത്തിനും കൈത്തറി മേഖലയുടെ വളർച്ചയ്ക്കും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻപ്രായം ഉയർത്തുന്ന നടപടി**

6763 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന് ഏതെങ്കിലും പൊതുമേഖലാ സ്ഥാപന മാനേജ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>ഐ. റ്റി. മേഖലയിലൂടെ കൂടുതൽ വരുമാനം</u>**

**6764** **ശ്രീ. തോമസ് ഉണ്ണിയാടൻ**
**,, മോൻസ് ജോസഫ്**
**,, സി. എഫ്. തോമസ്**
**,, റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളുടേതിനേക്കാൾ ഐ. റ്റി. മേഖലയിലൂടെ കൂടുതൽ വരുമാനം സംസ്ഥാനത്തിന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ. റ്റി.മേഖലയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നല്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**ഐ.റ്റി മിഷന്റെ ഇന്റലിജൻസ് സംവിധാനം**

**6765** ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹിദ്
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. മിഷന്റെ ഇന്റലിജൻസ് സംവിധാനത്തിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം എവിടെയൊക്കെയാണ് നടപ്പാക്കിയിട്ടുളളത്; വിശദാംശം നൽകുമോ;

(സി) ഈ സംവിധാനം സംസ്ഥാനം മുഴുവൻ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**അക്ഷയ കേന്ദ്രങ്ങൾ**

6766 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അക്ഷയ കേന്ദ്രങ്ങൾ വഴി ജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നത് ;**

(ബി) **അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സേവനങ്ങൾക്ക് കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ള എന്നതിനാൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(സി) **അക്ഷയ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുന്നതിനും കേന്ദ്രങ്ങളുടെ സേവനം ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**അക്ഷയ പദ്ധതി സൊസൈറ്റി/കമ്പനി ആക്കുന്നതിനുള്ള തീരുമാനം**

6767

## ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അക്ഷയ പ്രോജക്ടിനെ സൊസൈറ്റിയോ കമ്പനിയോ ആക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; കമ്പനിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ സ്വകാര്യ കമ്പനികൾ / വ്യക്തികൾക്ക് എത്ര ശതമാനം ഷെയർ വീതം നൽകും എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പ്രൈവറ്റ് കമ്പനികൾക്ക് ഷെയർ നൽകുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ (2010-2011) അക്ഷയ പദ്ധതിയ്ക്കായി 6 കോടി രൂപ വകയിരുത്തിയിരുന്നുവോ; പ്രസ്തുത പദ്ധതിക്ക് 2012-2013 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) ആധാർ പദ്ധതി കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് ഐ.ടി @ സ്കൂൾ, അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികളെയാണോ ഏൽപ്പിച്ചിരുന്നത്; നിലവിൽ മറ്റേതെങ്കിലും സ്വകാര്യ ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഇ-ഡിസ്ട്രിക് പദ്ധതി**

6768 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നാഷണൽ ഇ- ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഡിസ്ട്രിക് മിഷൻ നടപ്പാക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി സർക്കാർ ഓഫീസുകളിൽ എന്തൊക്കെ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാവുകയെന്ന് വിശദമാക്കാമോ ;

(സി) സർക്കാർ ഓഫീസുകളിലെ ജോലി ഭാരം ലഘൂകരിക്കാനും അഴിമതി വിമുക്തമാക്കാനും ഈ പദ്ധതി മൂലം സാധിക്കുമോ ;

(ഡി) എങ്കിൽ, വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>പുളിംകുന്ന് അക്ഷയ സെന്റർ</u>**

6769 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുളിംകുന്ന് അക്ഷയ സെന്റർ ക്രമക്കേടുകളെ തുടർന്നാണോ നിർത്തലാക്കിയത്; വിശദമാക്കുമോ;

(ബി) നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന മങ്കൊമ്പ് അക്ഷയ സെന്ററിന് തുടർന്നും പുളിംകുന്ന് അക്ഷയ സെന്ററിന്റെ ചുമതല നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പുളിംകുന്ന് അക്ഷയ സെന്ററിന്റെ ലൈസൻസ് പുന:സ്ഥാപിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.കെ. മുരളീധരൻ,
തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂലൈ 03

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.